പത്രക്കുറിപ്പ്
12-02-2019

## കുടുംബശ്രീ എഡിഎസുകൾക്ക്
## കേന്ദ്ര ഭവന നഗരകാര്യ വകുപ്പിന്റെ ദേശീയ പുരസ്ക്കാരം

---

തിരുവനന്തപുരം: ദേശീയ നഗര ഉപജീവന ദൗത്യത്തിന്റെ (എൻയുഎൽഎം) ഭാഗമായി ശുചിത്വ മാലിന്യ സംസ്ക്കരണത്തിലൂടെ നൂതന വരുമാന വർദ്ധനവ് നടത്തിയതിന് കേന്ദ്ര ഭവന നഗരകാര്യ മന്ത്രാലയത്തിന്റെ ദേശീയ പുരസ്ക്കാരം കുടുംബശ്രീ എഡിഎസുകൾക്ക്. കൊല്ലം നഗരസഭയിലെ മരുതടി എഡിഎസും മലപ്പുറം ജില്ലയിൽ പെരിന്തൽമണ്ണ നഗരസഭയിലെ കണക്കഞ്ചേരി എഡിഎസുമാണ് ബഹുമതി സ്വന്തമാക്കിയത്. ഈ മാസം 15ന് ഡൽഹി വിജ്ഞാൻ ഭവനിൽ നടക്കുന്ന ചടങ്ങിൽ കേന്ദ്ര ഭവന നഗരകാര്യ വകുപ്പ് മന്ത്രി അവാർഡുകൾ വിതരണം ചെയ്യും. ഒന്നാം സമ്മാനം രണ്ട് ലക്ഷം രൂപയും രണ്ടാം സമ്മാനം ഒന്നര ലക്ഷം രൂപയും മൂന്നാം സമ്മാനം ഒരു ലക്ഷം രൂപയുമാണ്. കുടുംബശ്രീയാണ് ദേശീയ നഗര ഉപജീവന ദൗത്യത്തിന്റെ കേരളത്തിലെ നോഡൽ ഏജൻസി.

90 കുടുംബശ്രീ വനിതകളാണ് കൊല്ലം ജില്ലയിലെ മരുതടി എഡിഎസിന് കീഴിൽ മാലിന്യസംസ്ക്കരണ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നത്. ജൈവ മാലിന്യത്തിൽ നിന്ന് കമ്പോസ്റ്റും ഉത്പാദിപ്പിക്കുന്നുണ്ട്. ഇവിടെ നടക്കുന്ന ചടങ്ങുകളിലും മറ്റും ഗ്രീൻപ്രോട്ടോക്കോൾ (ഹരിതചട്ടം) പാലിക്കുന്നതിനായി പ്ലാസ്റ്റിക്കിന്റെ ഉപഭോഗം പൂർണ്ണമായും ഒഴിവാക്കുന്നതിനുള്ള സഹായവും ചെയ്ത് നൽകുന്നു. മാസം ആറായിരത്തോളം രൂപയാണ് അംഗങ്ങൾക്ക് വരുമാനമായി ലഭിക്കുന്നത്. കണക്കഞ്ചേരി എഡിഎസിന് കീഴിൽ മാലിന്യ സംസ്ക്കരണം നടത്തുന്ന കുടുംബശ്രീ വനിതകൾക്ക്  മാസവരുമാനമായി 5000 രൂപ ലഭിക്കുന്നു. അവാർഡ് നേടിയ മരുതടി, കണക്കഞ്ചേരി എഡിഎസ് പ്രതിനിധികളും സിറ്റി മിഷൻ മാനേജർമാരും ചേർന്ന് ബഹുമതി ഏറ്റുവാങ്ങും.

കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ എസ്. ഹരികിഷോർ ഐഎഎസ്, നഗരകാര്യ വകുപ്പ് ഡയറക്ടർ ആർ. ഗിരിജ ഐഎഎസ്, കുടുംബശ്രീ അർബൻ പ്രോഗ്രാം ഓഫീസറായിരുന്ന ബിനു ഫ്രാൻസിസ് എന്നിവരുൾപ്പെട്ട സെലക്ഷൻ കമ്മിറ്റിയാണ് വിവിധ നഗരസഭകളിൽ നിന്ന് അവാർഡിനായി ലഭിച്ച അപേക്ഷകളിൽ നിന്ന് 16 എണ്ണം തെരഞ്ഞെടുത്ത് ഭവന നഗരകാര്യ മന്ത്രാലയത്തിന് അയച്ചു നൽകിയത്.  ഈ 16 എഡിഎസുകളിലും ക്വാളിറ്റി കൗൺസിൽ ഓഫ് ഇന്ത്യയുടെ ഉദ്യോഗസ്ഥർ സന്ദർശനം നടത്തുകയും വിശദമായ റിപ്പോർട്ട് തയാറാക്കി കേന്ദ്ര ഭവന നഗരകാര്യ മന്ത്രാലയത്തിന് സമർപ്പിക്കുകയും ചെയ്തിരുന്നു. ഇതിന്റെ അടിസ്ഥാനത്തിലാണ് അവാർഡിനായി മരുതടി, കണക്കഞ്ചേരി എഡിഎസുകളെ തെരഞ്ഞെടുത്തത്.

എക്സിക്യൂട്ടീവ് ഡയറക്ടർ
കുടുംബശ്രീ